"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തരവകുപ്പ് - ശ്രീമതി റജീന എ.യ്ക്ക് 11.05.2022 മുതൽ 06.09.2023 തീയതി വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1743/2024/HOME തീയതി,തിരുവനന്തപുരം, 24-06-2024

---

പരാമർശം:- 1 14.06.1994 തീയതിയിലെ സർക്കുലർ നം. 36/94/ധന

2 സംസ്ഥാന പോലീസ് മേധാവിയുടെ 16/12/2023 തീയതിയിലെ ഇ5-194493/2023/പി.എച്ച്.ക്യൂ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ സിറ്റി ന്യൂ മാഹി പോലീസ് സ്റ്റേഷനിലെ SCPO 5076 ശ്രീമതി റജീന എ. ചികിത്സയോട് അനുബന്ധിച്ച് 01.04.2022 തീയതി മുതൽ 06.09.2023 തീയതി വരെ മെഡിക്കൽ അവധിയിൽ പ്രവേശിച്ചിട്ടുള്ളതും പ്രസ്തുത അവധി കഴിഞ്ഞു 07.09.2023 തീയതിയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണെന്നും 01.04.2022 മുതൽ 10.05.2022 തീയതി വരെയുള്ള അവധി ടിയാളുടെ ക്രെഡിറ്റിൽ അർഹതപ്പെട്ട (HPL) അവധിയായി ക്രമീകരിച്ചിട്ടുള്ളതും 11.05.2022 തീയതി മുതൽ 06.09.2023 വരെയുള്ള 484 ദിവസത്തെ അവധി മെഡിക്കൽ സർട്ടിഫിക്കറ്റോടു കൂടിയ ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ,പരാമർശം (1) പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതന അവധിയ്ക്ക് അപേക്ഷിക്കുന്നവർ യഥാസമയം അവധി അപേക്ഷ സമർപ്പിക്കേണ്ടതും രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെടുത്താതിരിക്കേണ്ടതുമാണ്. കൂടാതെ രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെടുന്ന അവസരത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത ബോധ്യപ്പെടുത്താനാവാത്തതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കാനാകില്ല. ഈ കേസിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത ഇനി

ബോധ്യപ്പെടുത്താനാവാത്തതിനാലും രണ്ടാം വൈദ്യ പരിശോധനയുടെ അവസരം നഷ്ടമായതിനാലും അപേക്ഷകയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കാനാകില്ല. മേൽ സാഹചര്യത്തിൽ ശ്രീമതി റജീന എ.യ്ക്ക് 11.05.2022 മുതൽ 06.09.2023 തീയതി വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം
ശ്രീമതി റജീന എ. SCPO 5076 ന്യൂ മാഹി പോലീസ് സ്റ്റേഷൻ, കണ്ണൂർ സിറ്റി (സംസ്ഥാന പോലീസ് മേധാവി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) & ഓഡിറ്റ്, കേരള , തിരുവനന്തപുരം
ധനകാര്യവകുപ്പ് (25/03/2024 തീയതിയിലെ എക്സ്പ്പെ-എ4/63/2024/ധന നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 25-06-2024 11:02:39
സെക്ഷൻ ഓഫീസർ